നിന്നും ഇരുപതിനായിരം രൂപ എന്ന കണക്കിൽ കോഴ വാങ്ങുന്നതായി പരാതി വന്നിട്ടുണ്ട്. ഇതേക്കുറിച്ച് വ്യക്തമായ പരാതി തന്നാൽ ആ കോളജിന്റെ അംഗീകാരം പിൻവലിക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: കോഴ വാങ്ങിച്ചതായി ബഹുമാനപ്പെട്ട മെമ്പർ പരാതി തന്നാൽ അതു പരിശോധിച്ചശേഷം ശരിയാണെന്നു കണ്ടാൽ ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. പി. ഭാസ്കരൻ: വർഷങ്ങൾക്ക് മുൻപ് കണ്ണൂരിൽ സഹകരണ മേഖലയിൽ ഒരു ആയുർവ്വേദ കോളേജും ആശുപത്രിയും ഉണ്ടായിരുന്നു. അത് സർക്കാരിന് വിട്ടുകൊടുക്കുകയാണ് ചെയ്തത്. ഇപ്പോൾ ആശുപത്രി മാത്രമാണ് നടക്കുന്നത്. ആശുപത്രിയോടനുബന്ധിച്ച് വീണ്ടും ആയുർവ്വേദ കോളേജ് ആരംഭിക്കുന്നതിന് സൻമനസ്സ് കാണിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അതു പരിശോധിക്കാം.

പ്രകൃതിക്ഷോഭക്കെടുതികൾക്കുള്ള കേന്ദ്രസഹായം

* 3 [3] ശ്രീ. വി. കേശവൻ:
,, സി. കെ. ചക്രപാണി:
,, കെ. പി. അരവിന്ദാക്ഷൻ:
,, എം. ജിനദേവൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പ്രകൃതിക്ഷോഭക്കെടുതികളെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾ നികത്തുന്നതിന് എത്ര കോടി രൂപയുടെ കേന്ദ്രസഹായമാണ് കേരളത്തിന് ലഭിക്കുക;

(ബി) കേരളം ആവശ്യപ്പെട്ടിരുന്ന തുകയെത്ര;

(സി) നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തുന്നതിന് കേരളം സന്ദർശിച്ച വിദഗ്ദ്ധസമിതി ശുപാർശ ചെയ്തത് എത്രകോടി രൂപയുടെ ധനസഹായം നൽകാനാണ്;

(ഡി) കേന്ദ്രസഹായം ഗ്രാന്റ് ആയാണോ അതോ ലോണായാണോ ലഭിക്കുക;

(ഇ) കേന്ദ്രം അനുവദിച്ച തുക നാശനഷ്ടങ്ങൾ നികത്താൻ പര്യാപ്തമാണോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): (എ) ഈ വർഷത്തെ വെള്ളപ്പൊക്കംമൂലമുണ്ടായ നാശനഷ്ടം നികത്തുന്നതിന് മൊത്തം 134.79 കോടി രൂപയുടെ കേന്ദ്രസഹായം അനുവദിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്.

(ബി) 743.36 കോടി രൂപയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിരുന്നത്.

(സി) കേന്ദ്ര വിദഗ്ദ്ധ സമിതിയുടെ ശുപാർശ സംസ്ഥാന സർക്കാരിനെ അറിയിക്കാറില്ല. അതിനാൽ വിദഗ്ദ്ധ സമിതിയുടെ ശുപാർശ എന്താണെന്ന് അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്നും വിശദ വിവര ങ്ങളും ലഭിച്ചിട്ടില്ല.

(ഇ) പര്യാപ്തമല്ല.

ശ്രീ. സി. കെ. ചക്രപാണി: 743.36 കോടി രൂപ നമ്മളം ആവശ്യപ്പെട്ടു വെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. പക്ഷേ കിട്ടിയത് 134.79 കോടി രൂപയാണ്. അത് പോരാ എന്നും മുഖ്യമന്ത്രി പറഞ്ഞു. 743.36 കോടി രൂപ കിട്ടാൻ എന്താണ് മാർഗ്ഗം?

ശ്രീ. കെ. കരുണാകരൻ: ഇന്നു കേന്ദ്രസഹായം നൽകുന്ന കാര്യത്തിൽ ചില വ്യവസ്ഥകൾ ഉണ്ട്. ഒരു വീടു നഷ്ടപ്പെട്ടാൽ നമ്മൾ കണക്കാ ക്കുന്ന സംഖ്യയും ഇന്നത്തെ കേന്ദ്രഗവൺമെന്റിന്റെ കണക്കും തമ്മിൽ വ്യത്യാസമുണ്ട്. ഉദാഹരണത്തിന് ഒരു തെങ്ങു പോയാൽ 75 രൂപയാണ് അവർ കണക്കാക്കുന്നത്. നമ്മൾ വില കണക്കാക്കിയാൽ അത് രണ്ടായിരം രൂപയോളം ആണ്. നമ്മൾ വിലയിരുത്തിയതനുസരിച്ചാണ് 743.36 കോടിരൂപ ആവശ്യപ്പെട്ടത്. അവർ കണക്കാക്കുന്ന തോതു വെച്ചാണ് അനുവദിക്കുന്നത്.

ശ്രീ. സി. കെ. ചക്രപാണി: 134.79 കോടിരൂപ കിട്ടും എന്നറിയി ച്ചിട്ടുണ്ടെന്നു പറഞ്ഞു. പക്ഷേ അതു ലോണായിട്ടാണോ ഗ്രാന്റായി ട്ടാണോ എന്നു പറഞ്ഞിട്ടില്ല. ഇതുവരെയും ലഭിച്ചിട്ടില്ലെന്നാണ് പറഞ്ഞത്. സാധാരണഗതിയിൽ ഇത്രയും വലിയ വെള്ളപ്പൊക്കം വരുന്ന അവസ രത്തിൽ മുഴുവൻ തുകയും ഗ്രാന്റായിട്ട് ലഭിക്കേണ്ടതാണ്. ആ തുക മുഴുവൻ ഗ്രാന്റായിട്ട് ലഭിക്കുന്നതിനുവേണ്ടി എന്തെല്ലാം രാഷ്ട്രീയമായ സമ്മർദ്ദമാണ് ചെലുത്തിയിരിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: മുഴുവൻ കിട്ടണമെന്നാണ് നമ്മുടെ ആഗ്രഹം, പക്ഷേ ഏഴാം ധനകാര്യകമ്മീഷന്റെ ശുപാർശയിൽ 75 ശതമാനം ഗ്രാന്റായിട്ടും 25 ശതമാനം സ്റ്റേറ്റിന്റെ വിഹിതമായിട്ടുമാണ് വെച്ചിരിക്കുന്നത്. ഏഴാം ധനകാര്യകമ്മീഷൻ അതു സ്വീകരിച്ചു. പക്ഷേ Rare, Severe.....എന്നുള്ള കേസാണെങ്കിൽ വർദ്ധിപ്പിച്ചുകൊടുക്കണമെന്നു ശുപാർശ ചെയ്തിട്ടുണ്ട്. ഇതു വരെ ഒറീസ്സയ്ക്കും നൂറുശതമാനം കൊടുത്തിട്ടില്ല. കിട്ടിയിട്ടുള്ളത് ഔദ്യോഗി കമായി പറയാറായിട്ടില്ല. മാക്സിമമാണ് കേരളത്തിന് ഈ തവണ ഗ്രാന്റായിട്ട് കിട്ടാൻ പോകുന്നത്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സംസ്ഥാനത്തിന്റെ കണക്കനു സരിച്ച് 743.36 കോടിരൂപയാണ് കിട്ടേണ്ടത്, 134.79 കോടിരൂപ തരും എന്നുള്ളത് കണക്കിൽ വരുന്ന വ്യത്യാസം കൊണ്ടാണ്, നമ്മൾ കണക്കാക്കു ന്നതു അവർ കണക്കാക്കുന്നതുമായ കാൽക്കുലേഷനിലുള്ള വ്യത്യാസംകൊ ണ്ടാണ് എന്നു പറഞ്ഞു. നഷ്ടത്തിന്റെ കണക്കിൽ കേന്ദ്രസർക്കാരിന്റെയും സംസ്ഥാനസർക്കാരിന്റെയും കാൽക്കുലേഷനിൽ മാത്രമാണ് വ്യത്യാസം വന്നത് എന്നാണോ ഗവൺമെന്റ് വിശ്വസിക്കുന്നത്? കിട്ടിയ സഹായം ചെലവഴിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിബന്ധന ഉള്ളതായി അറിയിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഔദ്യോഗികമായി അറിയില്ല എന്നു പറഞ്ഞു. പക്ഷേ ഇവിടെ വന്ന കേന്ദ്രഗവൺമെന്റിന്റെ ടീമിലെ ആളുകളുമായി നടത്തിയ ഡിസ്കഷനിലും കേരളഗവൺമെന്റ് കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

മൊത്തമാണ്ടത്തിന്റെ അടിസ്ഥാനത്തിലും അത് സന്തുഷ്ടമായി അംഗീകരിക്കുന്ന സമീപനമാണ് സ്വീകരിച്ചുകണ്ടത്. നമ്മുടെ ഫാക്ട്സ് ആൻഡ് ഫിഗേഴ്സ് അവർ അംഗീകരിക്കുകയാണ് ചെയ്തത്. അതു കാൽക്കുലേഷനിലുള്ള വ്യത്യാസമായിട്ട് വരാനേ വഴിയുള്ളൂ.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: ഇപ്പോൾ കിട്ടിയ സംഖ്യ ഇതുവരെ കിട്ടിയതിനേക്കാൾ വലിയ ഒരു സംഖ്യ ആണെന്നാണ് സന്തുഷ്ടിയോടുകൂടി അങ്ങ് പറഞ്ഞത്. അവസാനം 'ഇ'യ്ക്ക് മറുപടിയായി പര്യാപ്തമല്ലെന്നും പറഞ്ഞു. രണ്ടുംകൂടി പറഞ്ഞപ്പോൾ അതിന്റെ അർത്ഥം എനിക്കു മനസ്സിലായില്ല. എന്തായാലും സ്വത്തു നാശം വന്നവർക്ക് കൊടുക്കുന്നതിന് ഈ സംഖ്യയിൽ എത്ര ശതമാനം ഉപയോഗിക്കും? പബ്ലിക് പ്രോപ്പർട്ടീസിനു വന്ന ഡാമേജ് പരിഹരിക്കുന്നതിനുവേണ്ടി എത്ര ശതമാനം ഉപയോഗിക്കും? അതുപോലെതന്നെ റിഹാബിലിറ്റേഷനും മറ്റു ചെലവുകൾക്കും എന്തു തുക തന്നിട്ടുണ്ട്? ദുരിതമനുഭവിക്കുന്നവർക്ക് യഥാർത്ഥത്തിൽ എന്തെങ്കിലും കിട്ടുന്നതിനാവശ്യമായ മാനദണ്ഡം നിശ്ചയിക്കുകയോ, സംവിധാനം ഉണ്ടാക്കുകയോ ചെയ്തിട്ടുണ്ടോ? അതോ നഷ്ടം വന്നവർക്കുവേണ്ടി പ്രസംഗിക്കുകയും ഈ തുക മറ്റെന്തെങ്കിലും രീതിയിൽ ചെലവഴിക്കുകയും ചെയ്യുക എന്നുള്ള ദുഃസ്ഥിതി വരാൻ ഇടയുണ്ടോ? ഇല്ലെങ്കിൽ അതിനു പരിഹാരമായി എന്താണ് ഗവൺമെന്റിന്റെ നയം എന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: ഓരോന്നിനും ഇനം തിരിച്ചുതന്നെ സംഖ്യ അനുവദിച്ചിട്ടുണ്ട്. ആ അനുവദിക്കുന്ന സംഖ്യതന്നെ ഉപയോഗിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. അതല്ലാതെ വകുപ്പ് മാറി ചെലവു ചെയ്യുന്ന ഏർപ്പാടില്ല.

ശ്രീ. എം. ജിനദേവൻ: പ്രകൃതിക്ഷോഭക്കെടുതികളെ നേരിടുന്ന സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രസഹായത്തെ സംബന്ധിച്ച് ധനകാര്യ കമ്മീഷന്റെ ശുപാർശ എന്താണ്? എട്ടാം ധനകാര്യകമ്മീഷനും ഇതിനെ സംബന്ധിച്ച് എന്തെങ്കിലും ശുപാർശയുണ്ടോ?

ശ്രീ. കെ. കരുണാകരൻ: എട്ടാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്ന For expenditure on relief, and, on repairs and restoration of public works following floods, cyclones and other calamities of a sudden nature, the Seventh Finance Commission recommended that the assistance should be given as a non-plan grant to the extent of 75 per cent of the total expenditure in excess of the margin. The remaining 25 per cent is to be borne by the State in order to discourage wasteful expenditure. The Central assistance is not adjustable against the plan of the State or against the Central assistance for the plan. The Seventh Finance Commission also added that where a calamity is of 'rare severity', it might be necessary for the Central Government to extend assistance to the States concerned on a scale even more liberal than suggested by it. എട്ടാം ധനകാര്യകമ്മീഷന്റെ ഇക്കാര്യത്തിലുള്ള റെക്കമെൻഡേഷൻ എട്ടാം ധനകാര്യകമ്മീഷൻ അനുപടി അംഗീകരിക്കുകയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ജിനദേവൻ: അങ്ങനെയാണെങ്കിൽ ഈ നഷ്ടം പൂർണ്ണമായി നികത്തിത്തരുന്നതിനുള്ള ഒരു ശുപാർശ ഇതിൽ ഉണ്ട്. നമുക്ക് ഇപ്പോൾ കിട്ടിയത് 134 79 കോടി രൂപയാണ്. നമ്മൾ ആവശ്യപ്പെട്ടത് 743.36 കോടി രൂപയാണ്. ഈ ശുപാർശ അനുസരിച്ചാണെങ്കിൽ നമുക്ക് കൂടുതൽ കിട്ടാൻ അർഹതയുണ്ട്. അതു നേടിയെടുക്കാൻവേണ്ടി എന്താണ് നടപടി എന്നു പറയാമോ?

ശ്രീ. കെ. കരുണാകരൻ: മുഴുവൻ കിട്ടാൻ നമുക്ക് അർഹതയുണ്ട് എന്നു പറയാം. പക്ഷേ ഇതിനൊക്കെ ഒരു പാറ്റേൺ ഉണ്ട്. ആ പാറ്റേണിൽ നമുക്ക് മാക്സിമം കിട്ടാനുള്ളതായ ശ്രമം നടത്തിയിട്ടുണ്ട്. അതിൽ കുറെയൊക്കെ നമുക്ക് വിജയിക്കാനും സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: കേന്ദ്രസഹായ ഇനത്തിൽ ഇതിനകം എന്തു കിട്ടിയിട്ടുണ്ട് എന്നും കിട്ടുന്ന തുക ഏതെല്ലാം വകുപ്പുകളിലൂടെ എന്തു സംവിധാനത്തിൽ ചെലവഴിക്കാനുള്ള നടപടികളാണ് സ്വീകരിക്കാൻ പോകുന്നു എന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: കിട്ടുന്ന സംഖ്യ അതാത് ഇനത്തിലേക്കു തന്നെ നീക്കിവയ്ക്കും. ആ സംഖ്യ അതതു ഡിപ്പാർട്ടുമെന്റാണ് ചെലവാക്കുന്നത്. ഇതിന്റെ പ്രിപ്പറേഷൻ, അതായത് നഷ്ടണൽ കലാമിറ്റീസിന്റെ പ്രവർത്തനം കോ-ഓർഡിനേറ്റ് ചെയ്യുന്നത് റവന്യൂ ഡിപ്പാർട്ടുമെന്റാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഇതിനകം എന്തു കിട്ടി എന്നുള്ളതും ഇപ്പോൾ പല വകുപ്പുകൾ വഴി ചെലവഴിക്കുന്നത് എത്രയാണെന്നും വ്യക്തമാക്കാമോ? റവന്യൂ വകുപ്പിനാണ് ഇതിന്റെ കൺട്രോൾ എന്നു പറഞ്ഞു. പി.ഡബ്ലിയു.ഡി., പഞ്ചായത്ത് തുടങ്ങിയ പല വകുപ്പുകളിലൂടെ ഇത് ചെലവഴിക്കാനുള്ള സംവിധാനം ഉണ്ട്. ഇതിൽ പല തെറ്റുകളും ഉണ്ട്. കുറേ കോൺട്രാക്ടർമാരും എഞ്ചിനീയർമാരും ഒരുമിച്ചിരുന്നാണ് ഈ കലാമിറ്റീസിന്റെ പ്രവർത്തനങ്ങൾക്കുള്ള ലിസ്റ്റ് ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. ജനപ്രതിനിധികൾ പഞ്ചായത്തു നിലവാരത്തിൽ ഇല്ല. അതുകൊണ്ട് എം. എൽ. എ. മാരുമായി ബന്ധപ്പെടുന്നു. അങ്ങിനെ ഇത് ദുരുപയോഗം ചെയ്യാതിരിക്കാൻ എന്തു സംവിധാനമാണ് ഗവൺമെന്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കരുണാകരൻ: ഇന്ന് ഗവൺമെന്റിന്റെ വർക്ക് നടത്തുന്നതുപോലെതന്നെ അതാതു ഡിപ്പാർട്ടുമെന്റു ചെയ്യുന്ന അതേ സംഗതികളാണ് ഈ കാര്യത്തിലും ചെയ്യുന്നത്. ഇതിന് അലോട്ട് ചെയ്ത എമൗണ്ട് തന്നെ കൊടുക്കുക എന്നുള്ളതല്ലാതെ റവന്യൂ ഡിപ്പാർട്ടുമെന്റ് കൂടുതൽ ഒന്നും ചെയ്യുന്നില്ല. പി.ഡബ്ലിയു.ഡി. അതിന്റെ വർക്ക് നടത്തുന്നു. ഇറിഗേഷൻ അവരുടെ വർക്ക് നടത്തുന്നു. മറ്റു ഡിപ്പാർട്ടുമെന്റുകളും അവരുടെ വർക്ക് നടത്തും. സാധാരണ ബഡ്ജറ്റ് എമൗണ്ട് എങ്ങിനെയാണോ സ്പെൻറു ചെയ്യുന്നത് ആ പ്രൊസീഡുവറിൽതന്നെയാണ് ഈ തുകയും ചെലവഴിക്കുന്നത്. അതിനുവേണ്ടി അഡ്വാൻസായിട്ട് 40 കോടി രൂപ കിട്ടിക്കഴിഞ്ഞിട്ടുണ്ട്. ഇതിപ്പോൾ ഓർഡർ ആയ സ്ഥിതിക്ക് സംഖ്യ ഉടൻ റിലീസ് ചെയ്തുകിട്ടും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: 118 കോടി രൂപ ഗവൺമെന്റിന് അനുവദിച്ചിട്ടുണ്ട് എന്നാണ് രണ്ടു ദിവസം മുമ്പുള്ള പത്രറിപ്പോർട്ട്. ബാക്കി 16 കോടി രൂപ സ്റ്റോറേജ് ഉണ്ടാക്കണം. അതായത് നമ്മൾ ആവശ്യപ്പെട്ട തുകയുടെ ഏഴിലൊന്ന് മാത്രമേ നമുക്ക് കിട്ടിയിട്ടുള്ളൂ. ഇത് തൃപ്തികരമായിട്ടുള്ളതല്ലെന്ന് മുഖ്യമന്ത്രിയുടെ 'പര്യാപ്തമല്ല' എന്നുള്ള മറുപടിയിൽനിന്നും വ്യക്തമായിട്ടുണ്ട്. കിട്ടിയ തുക വിതരണം ചെയ്യുന്ന കാര്യത്തെപ്പറ്റി ചർച്ച ചെയ്തപ്പോൾ അന്ന് റവന്യൂ മന്ത്രി അടക്കം ഇവിടെ പറഞ്ഞത് ഡിസ്ട്രിക്ട് അടിസ്ഥാനത്തിൽ പീപ്പിംസ് കമ്മിറ്റി ഉണ്ടാക്കും എന്നാണ്. പഞ്ചായത്തിനെയും എം. എൽ. എ. മാരേയും പങ്കെടുപ്പിച്ചുകൊണ്ട് ഇതിനെപ്പറ്റി ചർച്ച ചെയ്യും. ഈ പണം വകുപ്പു മാറി ചെലവു ചെയ്യാതെ ഇത്തരത്തിലുള്ള കമ്മിറ്റികളെ ബോദ്ധ്യപ്പെടുത്തി വിതരണം ചെയ്യാനുള്ള സംവിധാനത്തിന് നിങ്ങൾ നിർദ്ദേശം കൊടുത്തിട്ടുണ്ടോ? പണം കിട്ടുമ്പോൾ അതു കൊടുക്കാതിരിക്കുന്ന സംവിധാനം ശരിയല്ല. അത് ഉടനേ കൊടുക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: വീടു നഷ്ടപ്പെട്ടവർക്കാണെങ്കിൽ ഭവന നിർമ്മാണ വകുപ്പ്, വീടുകൾക്ക് ഇത്ര രൂപ ഗവർമെന്റ് കൊടുക്കും, ഇത്ര രൂപ കോൺട്രിബ്യൂഷൻ ഇങ്ങനെ ചില വ്യവസ്ഥകൾ അനുസരിച്ചാണ് ചെയ്യുന്നത്. ഓരോ ഡിപ്പാർട്ടുമെന്റും അതാതു സംഖ്യ അലോട്ടു ചെയ്യും. വർക്ക് എക്സിക്യൂട്ട് ചെയ്യുന്നതും ആ ഡിപ്പാർട്ടുമെന്റാണ്.

ശ്രീ. ഇ. കെ. നായനാർ: ബ്യൂറോക്രാറ്റിക് എക്സിക്യൂഷൻ പോര. ആ കമ്മിറ്റി വഴിക്കായിരിക്കും ചെലവാക്കുന്നതും അത് നടപ്പിലാക്കുന്നതും എന്ന് ഈ കഴിഞ്ഞ പ്രാവശ്യം ചർച്ച ചെയ്തപ്പോൾ ഈ അസംബ്ലിയിൽ വച്ച് ഉറപ്പു തന്നതാണ്. ഇപ്പോൾ നിങ്ങൾ പറയുന്നത് മുഴുവൻ ബ്യൂറോക്രാറ്റിക് മെത്തേഡ് ആണ്. അതിനെ സംബന്ധിച്ച് നിങ്ങൾ എന്തു പറയുന്നു. പണം കിട്ടുമ്പോൾ അത് ഉദ്യോഗസ്ഥൻമാർ കൈകാര്യം ചെയ്യുകയും ചർച്ച ചെയ്യുമ്പോൾ പീപ്പിൾ എന്നു പറയുന്നതും ശരിയാണോ?

ശ്രീ. കെ. കരുണാകരൻ: പീപ്പിൾസ് കമ്മിറ്റി ഫോം ചെയ്തിട്ടില്ലെങ്കിലും ശരി, ദുരിതം അനുഭവിച്ച ആളുകൾക്ക് സഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. വി. ജോസഫ്: കഴിഞ്ഞ കാലങ്ങളിൽ ഇതുപോലെയുള്ള കെടുതികൾ വരുമ്പോൾ കേരളത്തിന് ലഭിക്കാറുള്ള തുകയിലും വലിയ ഒരു തുകയാണ് ഈ പ്രാവശ്യത്തെ പ്രളയക്കെടുതിയ്ക്ക് വാങ്ങാൻ സാധിച്ചത്. ഇപ്രകാരം തുക വാങ്ങുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: ഗവൺമെന്റ് വളരെ കാര്യക്ഷമമായി, നടന്ന സംഭവങ്ങൾ അതേപടി അവതരിപ്പിച്ചു. അപ്പോൾ അത് അവർക്ക് ബോദ്ധ്യപ്പെട്ടു. അതോടൊപ്പംതന്നെ പ്രധാനമന്ത്രിയും ധനകാര്യമന്ത്രിയും ബന്ധപ്പെട്ട മറ്റ് ആളുകളും വരുന്നതിനുവേണ്ടി നിവേദനം നടത്തുകയും ചെയ്തു. അങ്ങിനെ അവർക്ക് അത് നേരിട്ട് ബോദ്ധ്യമായി. അവർ ഇവിടെ വന്നു നോക്കിയപ്പോൾ ഗവൺമെന്റ് സമർപ്പിച്ചിട്ടുള്ള

മെമ്മോറാണ്ടത്തിൽ ഒരുതരത്തിലും എക്സാജറേറ്റ് ചെയ്തിട്ടില്ലെന്നും അത് സത്യസന്ധമായിരുന്നു എന്നും അവർ മനസ്സിലാക്കി. ഇതെല്ലാം അവർക്ക് ബോദ്ധ്യമായതുകൊണ്ടാണ് ഇത്രയും തുക നമുക്ക് അനുവദിച്ചത്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: കഴിഞ്ഞ വരൾച്ചക്കാലത്ത് കേരളം ചോദിച്ചത് 600 കോടി രൂപയാണ്. നമുക്ക് കിട്ടിയത് പ്ലാൻ സ്കീമിൽ 45 കോടി രൂപ കടമായിട്ടാണ്. അത് വാസ്തവത്തിൽ നഗ്നമായ അവഗണനയാണ്. ഇതുപോലെ മുൻപ് പലപ്പോഴും അവഗണിച്ചിട്ടുണ്ട്. ഇപ്പോഴും നമ്മൾ ചോദിച്ചതിൽ 134 കോടിരൂപ തരാം എന്നു പറഞ്ഞിരിക്കുന്നു. ഇത് നഗ്നമായ അവഗണന അല്ലെങ്കിൽ മറ്റെന്താണ്?

ശ്രീ. കെ. കരുണാകരൻ: ഇത് നഗ്നമായ അവഗണനയല്ല.

ശ്രീ. വി. ദിനകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ 134.79 കോടി രൂപ കിട്ടാൻ സാദ്ധ്യതയുണ്ടെന്നു പറഞ്ഞു. ജില്ലാടിസ്ഥാനത്തിൽ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ? ആ നഷ്ടത്തിന് ആനുപാതികമായി ഈ തുക വീതിക്കാൻ തയ്യാറാകുമോ? അതോടൊപ്പംതന്നെ അതാതു ജില്ലയ്ക്ക് ഒരു മന്ത്രിയുടെ കീഴിൽ എം. എൽ. എ. മാർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാനത്തിന് പൂർണ്ണമായും വിധേയമായി അതാതു ജില്ലയിൽ വിനിയോഗിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: പണം ചെലവു ചെയ്യുന്നത് നഷ്ടം സംഭവിച്ച സ്ഥലത്താണ്. കൂടുതൽ നഷ്ടം സംഭവിച്ച ജില്ലയിൽ കൂടുതൽ പണം ചെലവഴിക്കും. അതുകൊണ്ട് ആ കാര്യത്തിൽ ഉൽക്കണ്ഠ വേണ്ട. അതാതു ജില്ലയ്ക്ക് ആവശ്യമായ പണം അതാതു ജില്ലയിലാണ് അനുവദിക്കുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ചോദ്യം അതല്ല.

(ബഹളം)

ശ്രീ. കെ. കരുണാകരൻ: എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞാൽ മതി. എനിക്ക് മനസ്സിലായത് ഇതാണ്. എനിക്ക് മനസ്സിലായത് വളരെ ക്ലിയറായി ഞാൻ പറയാം. കൂടുതൽ ജോലികളും വന്നിട്ടുള്ള ജില്ലകളെ സംബന്ധിച്ചിടത്തോളം ആ ജില്ലയിൽ കൂടുതൽ പണം ചെലവാക്കും എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. വി. ദിനകരൻ: ഞാൻ ചോദിച്ച ചോദ്യത്തിലെ ആദ്യത്തെ ഭാഗത്തിന് മുഖ്യമന്ത്രി മറുപടി പറഞ്ഞു. ഓരോ ജില്ലയിലും ഓരോ മന്ത്രിമാരുടെ നേതൃത്വത്തിൽ എം. എൽ. എ. മാർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയാണ് ഈ ദുരിതാശ്വാസപ്രവർത്തനം വിലയിരുത്താൻ നിയോഗിക്കപ്പെട്ടത്. നാശനഷ്ടങ്ങൾക്കനുസൃതമായ വിലയിരുത്തൽ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ആ കമ്മിറ്റിയെ ചുമതലപ്പെടുത്തുമോ?

ശ്രീ. കെ. കരുണാകരൻ: അന്ന് പെട്ടെന്ന് ചെയ്യേണ്ട കാര്യങ്ങൾക്കാണ് ചുമതലപ്പെടുത്തിയത്. ഇന്ന് റെഗുലറായിട്ടുള്ള വർക്കായതുകൊണ്ട് ഡിപ്പാർട്ടുമെന്റ് ചെയ്യും. ഏതായാലും ശരി ആ നിർദ്ദേശത്തെക്കുറിച്ചാലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: 134.7 കോടി രൂപയാണ് അനുവദിച്ചതെന്ന് പറഞ്ഞു. ഓരോ വകുപ്പിനും പി. ഡബ്ളിയു. ഡി., മൈനർ ഇറിഗേഷൻ, ഇറിഗേഷൻ, കൂടിൽ പോയവർക്ക്, കൃഷി നഷ്ടപ്പെട്ടവർക്ക് ഇങ്ങനെ അപ്പോർഷൻ ചെയ്തത് ഈ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ? അങ്ങനെ അപ്പോർഷൻ ചെയ്തുവെങ്കിൽ ഓരോ വകുപ്പിനും എത്രതുക വീതമാണെന്നാണ് അറിയിച്ചിരിക്കുന്നത്?

ശ്രീ. കെ. കരുണാകരൻ: മൊത്തം സംഖ്യ അറിയിച്ചിട്ടുണ്ട്. ഓരോന്നിന്റെയും സംഖ്യ കിട്ടിക്കഴിഞ്ഞാൽ അതനുസരിച്ച് ചെയ്യാം. ഗവൺമെന്റിന് കിട്ടിയവിവരമനുസരിച്ച് ഓരോ ഇനത്തിലും സംഭവിച്ച നഷ്ടമനുസരിച്ച് ഓരോയിനത്തിലും ഇത്രയിത്രരൂപയെന്ന് പറഞ്ഞ് മൊത്തം അനുവദിച്ച സംഖ്യയിൽ ഉൾക്കൊള്ളിച്ചിരിക്കയാണ്. പക്ഷേ അതിന്റെ വിശദവിവരം ഗവൺമെന്റിന് കിട്ടിക്കഴിഞ്ഞിട്ടില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: കഴിഞ്ഞ ദുരിതാശ്വാസപ്രവർത്തനത്തിൽ വേണ്ടത്ര നാശനഷ്ടമില്ലാതിരുന്നിട്ടുകൂടി ചില മണ്ഡലങ്ങളിൽ, വേണ്ടത്ര നാശനഷ്ടമുണ്ടായ തൊട്ടടുത്ത നിയോജകമണ്ഡലത്തിനേക്കാൾ കൂടുതൽ പ്രവർത്തനങ്ങൾ നടത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ആ അനുഭവം പിന്നീടുവന്ന ചർച്ചയിൽ പൊന്തിവന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തവണ നടത്തുന്ന ദുരിതാശ്വാസപ്രവർത്തനരംഗത്ത് ഇത്തരം ദുഃസ്വാധീനം ഉണ്ടായ അർഹതയുള്ള നിയോജകമണ്ഡലങ്ങൾ അവഗണിക്കപ്പെട്ടുപോകാതിരിക്കാൻ നീതിപൂർവ്വകമായ ഒരു സമീപനം ഇക്കാര്യത്തിൽ ഉണ്ടാക്കണം. ബഹുമാനപ്പെട്ട ദിനകരൻ സൂചിപ്പിച്ചതുപോലെ ദുരിതാശ്വാസപ്രവർത്തനത്തിനുവേണ്ടി വിളിച്ചുകൂട്ടിയ കമ്മിറ്റികളിൽക്കൂടി ഇത് ചർച്ച ചെയ്ത് ഒരു അവസാനരൂപം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: അതാതു ജില്ലയിലുള്ള ദുരിതാശ്വാസകമ്മിറ്റിക്ക് ആ ജില്ലയിലേക്ക് അനുവദിക്കുന്ന സംഖ്യക്കുമാത്രമേ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളു. സ്റ്റേറ്റിൽ നിലവിലുള്ള എല്ലാ ദുരിതാശ്വാസ കമ്മിറ്റികളേയും വിളിച്ചുകൂട്ടാൻ സാധ്യമല്ല. അത് ബഹുമാനപ്പെട്ട മെമ്പർക്കറിയാവുന്നതാണ്. അതാത് സ്റ്റേറ്റിനു അലോട്ട് ചെയ്യുമ്പോൾ ഓരോ ജില്ലാകമ്മിറ്റികളേയും വിളിച്ചുകൂട്ടിയാൽ ജില്ലകൾ തമ്മിൽ അപാകത മത്സരമുണ്ടാകും. നേരെമറിച്ച് നാശനഷ്ടങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ അതിന്റെ തോത് വച്ച് ഓരോ ജില്ലയ്ക്കും അലോട്ട്മെന്റ് നടത്തുകയാണ്. ഡിപ്പാർട്ടുമെന്റുകളാണ് വാങ്ങുകയും നടത്തുന്നത്. ആ കാര്യത്തിൽ ജില്ലയിലേക്ക് അലോട്ട് ചെയ്യുന്നത് ശരിയായിട്ട് ഉപയോഗപ്പെടുത്തുന്നുണ്ടോ, അതിനു എന്താണ് ബുദ്ധിമുട്ട് എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: 134 കോടി രൂപ കിട്ടിയെന്ന് പറയുമ്പോഴും ഇത് കൈകാര്യം ചെയ്യുന്ന റവന്യൂമന്ത്രിയും ധനകാര്യമന്ത്രിയും ഇത് പോരാ, കേന്ദ്രഗവൺമെന്റ് അനീതിയാണ് കാണിച്ചതെന്ന് പറയുകയും ചെയ്യുന്നു. ഇപ്പോഴും മുഖ്യമന്ത്രി ഇത് കിട്ടിയത് മതി, തൃപ്തികരമായി കേന്ദ്രം തന്നിട്ടുണ്ടെന്ന് പറയുന്നു. ഇതിൽ ഏതാണ് ശരി? വകുപ്പുമന്ത്രി പറഞ്ഞതാണോ മുഖ്യമന്ത്രി പറഞ്ഞതാണോ ശരി?

ശ്രീ. കെ. കരുണാകരൻ: വകുപ്പുമന്ത്രി ഒരിക്കലും അനുവദിച്ചത് അനീതിയാണെന്ന് പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: 134 കോടി രൂപ വിവിധ വകുപ്പുകളിലേക്ക് സ്പെസിഫൈ ചെയ്തിട്ടാണ് കിട്ടുക എന്ന് പറഞ്ഞു. ഇപ്പോഴും തന്നെ വിവിധ വകുപ്പുകളും ആകെ വന്ന നാശനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ പല കമ്മിറ്റ്മെന്റുകളും ഏറെടുത്തിട്ടുണ്ട്. പി. ഡബ്ളിയു. ഡി. പല വർക്കുകളും ടെണ്ടർ ചെയ്തുതുടങ്ങി. കൃഷി ഡിപ്പാർട്ടുമെന്റ് ഒരു ജി. ഒ. തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ച ആളുകൾക്ക് വിത്ത് സൗജന്യമായിട്ട് കൊടുക്കും, അതല്ലെങ്കിൽ അതിനുവേണ്ടി ഉപയോഗിക്കേണ്ടിവരുന്ന വിത്തിന് കിലോഗ്രാമിന് മൂന്ന് രൂപവച്ച് വില കൊടുക്കുമെന്ന് പറഞ്ഞു. വിത്ത് സൗജന്യമായിട്ട് കൊടുക്കുന്നത് തന്നെ എൻ. എസ്. സി. യിൽ നിന്ന് വിലയ്ക്ക് വാങ്ങിയിട്ടിണ്. അതിന്റെ മൊത്തം കമ്മിറ്റ്മെന്റ് ഗവൺമെന്റിനറിയാം. എല്ലാ ജില്ലയിലും കൃഷിനാശം സംഭവിച്ചിട്ടുള്ളത് എത്ര ഹെക്ടറാണെന്നുള്ളതിന്റെ കൃത്യമായ കണക്കുണ്ട്. ആ ജി. ഒ. പ്രകാരം നാശം സംഭവിച്ച കൃഷിക്കാർക്ക് മുഴുവൻ ഈ റേറ്റ് അനുസരിച്ചുള്ള സഹായം കൊടുക്കുമെന്നുള്ളതിൽ ഉറപ്പുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഞാൻ നേരത്തെതന്നെ പറഞ്ഞു. ഓരോ സ്ഥലത്തേയും നാശനഷ്ടങ്ങളും കണക്കിലെടുത്തിട്ടുണ്ടെന്ന്. കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടുന്ന പണം മാത്രം വച്ച് കൊടുക്കാമെന്നല്ല. നമ്മളും ഒരു തീരുമാനമെടുത്തുകഴിഞ്ഞാൽ അത് ചെയ്യും. ഓരോ സ്ഥലത്തും എന്താണ് വരുന്നത് എന്ന് കണക്കാക്കി ആ വകുപ്പിന് കേന്ദ്രത്തിൽ നിന്നും കിട്ടുന്ന സഹായവും സ്റ്റേറ്റിന്റെ പണവും കൂടി ഒരുമിച്ച് ചേർത്തുകൊണ്ടാണ് ഇത് ചെയ്യുന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ: ആ ജി. ഒ. പ്രകാരം കമ്മിറ്റ്മെന്റ് പൂർണ്ണമായിട്ട് പാലിക്കുമോ എന്നാണ് ചോദിച്ചത്.

ശ്രീ. കെ. കരുണാകരൻ: ജി. ഒ. ഇഷ്യൂ ചെയ്തുകഴിഞ്ഞാൽ അത് ഇംപ്ലിമെന്റ് ചെയ്യേണ്ടേ?

ശ്രീ. ബേബിജോൺ: കേന്ദ്രഗവൺമെന്റിന്റെ സഹായത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 134 കോടി രൂപയുടെ ധനസഹായം കിട്ടിയെന്നാണ്. നമ്മുടെ സ്റ്റേറ്റിന്റെ കോൺട്രിബ്യൂഷൻകൂടി ചേർത്താണോ 134 കോടി രൂപ? അതോ ആകെ ഈ ദുരിതാശ്വാസപ്രവർത്തനത്തിനുവേണ്ടി കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചത് 134 കോടി രൂപ ആണോ? അതിന്റെ വിഹിതം നമ്മളും എടുക്കണമോ? അത് വായിച്ച കൂട്ടത്തിൽ നോൺപ്ലാൻ ഗ്രാന്റായിട്ടും ലോണായിട്ടും തരണമെന്നാണ് ഫിനാൻസ് കമ്മിഷൻ റിപ്പോർട്ടെന്ന് പറഞ്ഞു. കഴിഞ്ഞ പ്രാവശ്യം വരൾച്ചക്കാലത്ത് കിട്ടിയത് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ അഡീഷണാലിറ്റി ആന്റ് പ്ലാൻ ലോണായിരുന്നു. ഇപ്പോൾ ശുപാർശ നോൺ പ്ലാൻ ഗ്രാന്റ് എന്നാണ്. ഇപ്പോഴത്തെ സ്ഥിതി എന്തായിരിക്കും? നോൺപ്ലാൻ ഗ്രാന്റായിട്ടാണോ കിട്ടുന്നത്. ഈ ദുരിതാശ്വാസപ്രവർത്തനത്തെക്കുറിച്ച് അങ്ങ് പറഞ്ഞപ്പോൾ ഓരോ ഡിപ്പാർട്ടുമെന്റിനും വേണ്ടി മാത്രമുള്ളതല്ല, അല്ലാതുള്ള റിലീഫ് വർക്കുണ്ടെന്നു പറഞ്ഞു, ഈ റിലീഫ് വർക്കിനുവേണ്ടിയാണ് പ്രധാനമായും കമ്മിറ്റി രൂപീകരിച്ചതെന്നുപറഞ്ഞു. ഈ റിലീഫ് വർക്ക് അസറ്റ്സ് ഫിൽഅപ് ചെയ്യുന്നതിനുവേണ്ടി വിനിയോഗിക്കാൻ ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: റിലീഫ് വർക്കിനെ സംബന്ധിച്ച് ഇപ്പോൾ കമ്മിറ്റിയുമായിട്ട് ആലോചിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. എങ്ങനെയാലും ശരി അത് പരിശോധിക്കാം.

ശ്രീ. എം. കെ. കേശവൻ: കേന്ദ്രം നൽകിയ സഹായമുപയോഗിച്ച് ദുരിതാശ്വാസപ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടത്തുന്നതായി മുഖ്യമന്ത്രി പറഞ്ഞു. ഒരു വില്ലേജാഫീസർ ദുരിതാശ്വാസപ്രവർത്തനത്തോടനുബന്ധിച്ച് കൊടുത്ത ഓണക്കോടിയാണ് എന്റെ കയ്യിലുള്ളത്. ആർക്കും ആവശ്യമില്ലാത്ത പഴന്തുണിശേഖരിച്ച് ഓണക്കോടി എന്ന് പറഞ്ഞ് പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്തു. ഇത് ഒരു വില്ലേജാഫീസർ കൊടുത്തതാണ്. ഒരു ഏജൻസിയാണെങ്കിൽ സാരമില്ല. ഇത് നാണംകെട്ട ഏർപ്പാടല്ല? (രണ്ടു തുണികൾ പൊക്കിക്കാണിച്ചു.)

(ഉത്തരം പറഞ്ഞില്ല)

ശ്രീ. എസ്. ആർ. തങ്കരാജ്: പി. ഡബ്ലിയു. ഡി. ആയിരുന്നാലും ഇറിഗേഷനായിരുന്നാലും ജോലികൾ നടത്തുന്നതിൽ വളരെയധികം പാകപ്പിഴകൾ നടക്കുന്നതായിട്ടും വിനിയോഗിക്കുന്ന തുകയുടെ 60 ശതമാനം പോലും വർക്കുകൾക്ക് ചെലവഴിക്കാത്തതായിട്ടുമൊക്കെ പരാതിയുണ്ട്. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ വിവിധ ഏജൻസിമുഖാന്തിരം നടത്തുന്ന ചെലവുകൾ എവിടെയെല്ലാം എന്തെല്ലാം ജോലികൾക്കുവേണ്ടിയാണ് വിനിയോഗിക്കുന്നതെന്ന് ജനപ്രതിനിധികളെ ഒന്ന് അറിയിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഇതിന് നിലവിലുള്ള വ്യവസ്ഥയനുസരിച്ചുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ശരിയായ നിലയിൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഒരു വിജിലൻസ് സ്ക്വാഡിനെ ഏർപ്പെടുത്താനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജി. വരദൻ: വീടു പൂർണമായ നഷ്ടപ്പെട്ടവർകളിൽ പട്ടയം ഉള്ളവർകളുക്കു 1500 രൂപായും പുറമ്പോക്കിൽ വീടു നഷ്ടപ്പെട്ടവർകളുക്കു 500 രൂപായും കൊടുപ്പതുക്കു വേണ്ടിയാന നടവടിക്കൈ എടുക്കപ്പടുമാ?

ശ്രീ. കെ. കരുണാകരൻ: ഭവന നിർമ്മാണത്തെ സംബന്ധിച്ചിടത്തോളം ഒരു സ്കീം തന്നെ അംഗീകരിച്ചിട്ടുണ്ട്. പണം കൊടുക്കുന്നതിനുപകരം കഴിയുന്നതും അവർക്ക് വീട് വച്ചുകൊടുക്കുവാനുള്ള ഒരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. വീട് വച്ചുകൊടുക്കാൻ ശ്രമിക്കും. അതല്ലാതെ എന്താണ് ചെയ്യാൻ സാധിക്കുക എന്നുള്ളത് പരിശോധിക്കാം.

പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾക്ക് വനംവകുപ്പിൽനിന്നും നൽകുന്ന അസംസ്കൃത വിഭവങ്ങൾ

*4 [4] ശ്രീ. ടി. കാർത്തികേയൻ:
,, രാഘവൻ പൊഴക്കടവിൽ:
,, തെന്നല ജി. ബാലകൃഷ്ണപിള്ള:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly